**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 115** **31-10-2019 ൽ മറുപടിക്ക്**

**പട്ടയം ലഭ്യമാക്കാൻ നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പട്ടയം ഇല്ലാത്ത കൂടുതൽ പേർക്ക് പട്ടയം ലഭ്യമാക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) താലൂക്ക് തലത്തിൽ അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടിയും, സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽ നിന്നും പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികളും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് പട്ടയ അപേക്ഷകളിൽ വളരെ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടയവിതരണം ത്വരിത പ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ പട്ടയമേളകൾ സംഘടിപ്പിച്ച് അർഹരായവർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. അപ്രകാരം 111004 പട്ടയങ്ങൾ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) അർഹരായവർക്ക് പട്ടയം നൽകാൻ കഴിയും വിധം ഭൂമിയുമായി ബന്ധപ്പെട്ട തടസ്സങ്ങളും തർക്കങ്ങളും പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) അർഹരായവർക്ക് പട്ടയം നൽകാൻ കഴിയുംവിധം ഭൂമിയുമായി ബന്ധപ്പെട്ട തടസ്സങ്ങളും, തർക്കങ്ങളും പരിഹരിച്ച് പട്ടയം നൽകുന്നത് വേഗത്തിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചതും വിതരണം ചെയ്യാത്തതുമായ വനഭൂമിയ്ക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) 01,01.1977 ന് മുമ്പുള്ള വനഭൂമിയിലെ കുടിയേറ്റം ക്രമീകരിക്കുന്നതിനായി കേന്ദ്രാനുമതി ലഭിച്ച കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ 5 ജില്ലകളിലെ 28,588.159 ഹെക്ടർ ഭൂമിയ്ക്ക് 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്ന നടപടി കൊല്ലം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ പൂർത്തിയായിട്ടുള്ളതും ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ കേന്ദ്രാനുമതി ലഭിച്ച ഭൂമിക്ക് പട്ടയവിതരണ നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്. കൂടാതെ 01.01.1977-നു മുൻപ് വനഭൂമി കൈയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് |

ആയത് പതിച്ച് കൊടുക്കുന്നതിനായി റവന്യൂ വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയതും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതുമായ ഭൂമിക്ക് നിലവിൽ സംയുക്തപരിശോധന റിപ്പോർട്ട് ലഭ്യമല്ലാത്ത കേസുകളിൽ 1993 ലെ പ്രത്യേകം ഭൂമി പതിവ് (01.01.1977 ന് മുൻപ് വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) ചട്ടങ്ങളിലെ ചട്ടം 6,7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് അനുമതി നൽകിയും കേന്ദ്രാനുമതി ലഭിച്ച കേസുകളിൽ സംയുക്ത പരിശോധന നടത്തിയ സമയത്ത് ഭൂമിയിൽ ഉണ്ടായിരുന്നതും ഇപ്പോൾ ടി ഭൂമിയിൽ ഇല്ലാത്തതുമായ മരങ്ങളുടെ മരവില നിർണ്ണയിച്ച് നൽകിയും പട്ടയം അനുവദിക്കുന്നതിന് തൃശ്ശൂർ, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലാ കളക്ടർക്ക് അനുമതി നൽകി 22.06.2019 ലെ സർക്കാർ ഉത്തരവ് (കൈ) 189/2019/റവ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

| | |
|---|---|
| (ഡി) വനംവകുപ്പിന്റെയുൾപ്പെടെ സംയുക്ത പരിശോധന ആവശ്യമുള്ള വനഭൂമിയുടെ സ്ഥലപരിശോധന പൂർത്തിയാക്കി കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി അയച്ചുകൊടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) സംയുക്ത പരിശോധന പൂർത്തിയായ ജില്ലകളിൽ കേന്ദ്രാനുമതിക്കായി ഓൺലൈനിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം I

**ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ പട്ടയമേളകളുടെ ജില്ലതിരിച്ചുള്ള കണക്ക്.**

| ക്രമ നമ്പർ | ജില്ല | പട്ടയമേളകളുടെ എണ്ണം | പട്ടയമേളയിലൂടെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 5 | 902 |
| 2 | കൊല്ലം | 4 | 1162 |
| 3 | പത്തനംതിട്ട | പട്ടയമേള നടത്തിയിട്ടില്ല | |
| 4 | ആലപ്പുഴ | 2 | 288 |
| 5 | കോട്ടയം | 2 | 283 |
| 6 | ഇടുക്കി | 3 | 20419 |
| 7 | എറണാകുളം | 6 | 2899 |
| 8 | തൃശ്ശൂർ | 3 | 16291 |
| 9 | പാലക്കാട് | 3 പട്ടയമേളകൾ കൂടാതെ ഒരു റവന്യൂ ദിനത്തിലും പട്ടയം വിതരണം ചെയ്തിട്ടുണ്ട് | 7574 |
| 10 | മലപ്പുറം | 1 | 4463 |
| 11 | കോഴിക്കോട് | 5 | 3474 |
| 12 | വയനാട് | 5 | 526 |
| 13 | കണ്ണൂർ | 3 | 2416 |
| 14 | കാസർഗോഡ് | 3 | 4952 |
| 45 പട്ടയമേളകളിലും ഒരു റവന്യൂ ദിനത്തിലുമായി വിതരണം ചെയ്ത ആകെ പട്ടയങ്ങളുടെ എണ്ണം | | | **65649** |

ആകെ വിതരണം ചെയ്ത പട്ടയങ്ങൾ 111004 പട്ടയങ്ങൾ

അനുബന്ധം II

ഈ സർക്കാർ അധികാരമേറ്റ ശേഷം [illegible] വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരങ്ങൾ

| ജില്ല | ഹിൽ.റ്റി പട്ടയം (1964 - 1995 ചട്ടപ്രകാരം) | കോളനി പട്ടയം | ലക്ഷം വീട് പട്ടയം | സുനാമി പട്ടയം | മിച്ച ഭൂമി പട്ടയം | ദേവസ്വം പട്ടയം | ഹിൽ.റ്റി പട്ടയം | സർവ്വീസ് ഇനാം പട്ടയം | കണ്ടുകൃഷി പട്ടയം | വ്യവസായിക പട്ടയം | വനഭൂമി പട്ടയം | കെ സി ഹിൽ റൂൾസ് പ്രകാരം | ആദിവാസി പട്ടയം | ഭൂദാന പട്ടയം | കാണം [illegible] | വനാവകാശ രേഖ | കൈവശ രേഖ | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 1180 | 0 | 0 | 0 | 0 | 47 | 183 | 6 | 33 | 0 | 0 | 0 | 0 | 0 | 0 | 2 | 34 | 0 | 1485 |
| കൊല്ലം | 866 | 33 | 6 | 25 | 1 | 11 | 226 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 7 | 23 | 1198 |
| പത്തനംതിട്ട | 28 | 0 | 0 | 0 | 0 | 0 | 174 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 207 |
| ആലപ്പുഴ | 30 | 224 | 1 | 46 | 49 | 163 | 292 | 0 | 0 | 5 | 0 | 0 | 0 | 0 | 0 | 0 | 57 | 0 | 867 |
| കോട്ടയം | 82 | 93 | 11 | 0 | 0 | 25 | 337 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 15 | 1 | 565 |
| ഇടുക്കി | 11837 | 0 | 0 | 0 | 0 | 0 | 299 | 0 | 0 | 0 | 8233 | 50 | 0 | 0 | 0 | 0 | 0 | 0 | 20419 |
| എറണാകുളം | 849 | 11 | 8 | 0 | 3 | 421 | 2127 | 55 | 0 | 0 | 1 | 0 | 97 | 0 | 73 | 94 | 73 | 3 | 3815 |
| തൃശ്ശൂർ | 214 | 47 | 4 | 124 | 5 | 4175 | 5576 | 0 | 0 | 0 | 218 | 0 | 0 | 0 | 19673 | 0 | 2 | 96 | 30135 |
| പാലക്കാട് | 232 | 364 | 217 | 0 | 59 | 1126 | 10237 | 0 | 0 | 0 | 0 | 0 | 1496 | 0 | 0 | 232 | 0 | 0 | 13962 |
| മലപ്പുറം | 185 | 0 | 124 | 0 | 64 | 1842 | 16854 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350 | 19419 |
| കോഴിക്കോട് | 28 | 46 | 21 | 0 | 5 | 976 | 6441 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 7517 |
| വയനാട് | 217 | 0 | 45 | 0 | 16 | 0 | 1008 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 39 | 1325 |
| കണ്ണൂർ | 0 | 0 | 221 | 0 | 563 | 0 | 3267 | 0 | 0 | 0 | 0 | 0 | 0 | 74 | 0 | 0 | 34 | 96 | 4255 |
| കാസറഗോഡ് | 2928 | 0 | 0 | 0 | 295 | 299 | 1903 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 632 | 6057 |
| ആകെ | 18676 | 818 | 658 | 195 | 1060 | 9084 | 48929 | 62 | 33 | 5 | 8453 | 50 | 1593 | 74 | 19746 | 328 | 222 | 1240 | 111226 |

29/10/1[illegible]